







# മാന്ത്രികപ്പടവുകൾ



# സന്ദേശം

സാങ്കേതികതയും സർഗ്ഗാത്മകതയും
കൂട്ടിയിണക്കി കുട്ടിപ്പട്ടം കൂട്ടുകാർ പടുത്തുയർത്തിയ
'മാന്ത്രികപ്പടവുകൾ'ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മാസ്റ്റർ
**Sri. S. Jayakumar**

# ആമുഖം

പ്രിയ സഹപാഠികളേ,

കേരള വിദ്യാഭ്യാസ വകുപ്പ് കുട്ടികൾക്കായി നടപ്പിലാക്കിയ 'ഹായ് കുട്ടിക്കൂട്ടം' എന്ന ഐ.റ്റി ക്ലബ്ബ് 2018 മുതൽ 'ലിറ്റിൽ കൈറ്റ്സ്'എന്ന പേരിൽ പുനർനാമകരണം ചെയ്തിരിക്കുന്നു . ഈ ക്ലബ്ബിലെ വിദ്യാർത്ഥിനികൾക്ക് വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട നിരവധി പരിശീലന ക്ലാസുകൾ ഇതിനകം നൽകിയിട്ടുണ്ട് . ഇവിടെ നിന്നും ലഭിച്ച സാങ്കേതിക പരിജ്ഞാനം പ്രയോജനപ്പെടുത്തി വൈവിധ്യപൂർണമായ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'മാന്ത്രികപ്പടവുകൾ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ് . പരിസ്ഥിതി സൗഹൃദപൂർണ്ണമായ സാങ്കേതികവിദ്യയുടെ പിൻബലത്തോടെയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത് . ഭാവനയുടെ നിറപ്പകിട്ടാർന്ന വിരുന്നാണ് കൊച്ചുകൂട്ടുകാർ ഒരുക്കിയ ഓരോ കലാ-സാഹിത്യരചനയും . വായനയുടെ ലോകത്തെ പുത്തൻ അനുഭവങ്ങൾ ആസ്വദിക്കാൻ പ്രിയവായനക്കാർക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു .


എഡിറ്റർ

അനു

# ഉള്ളടക്കം


1 To my master ..............................................................6
2 അനാഥക്കുഞ്ഞിന്റെ യാതനകൾ ...............................................7
3 അമ്മ.............................................................................10
4 A great sacrifice..............................................................11
5 Thoughts.......................................................................12
6 എന്റെ പ്രണയം ചുവപ്പിനോട്.....................................................13
7 പ്രളയം ...........................................................................14
8 Dream ............................................................................15
9 അണയാത്ത വിളക്ക്...........................................................16
10 ഇളംതെന്നൽ...................................................................19
11 JK Rowling......................................................................20
12 ബാല്യകാലം...................................................................... 21
13 Don't change the world....................................................22
14 Friendship.......................................................................23
15 Why we can't? ................................................................24
16 ഭൂമിയാം...........................................................................25
17 അധ്വാനത്തിന്റെ മഹത്വം.......................................................26
18 മഴനീർ.............................................................................28
19 തൂവൽസ്പർശം..................................................................29
20 പ്രകൃതി തൻ ജീവൻ..............................................................30
21 Love between God and me...............................................31
22 ദയയുടെ കാൽപ്പാടുകൾ........................................................32
23 I am alone.......................................................................33
24 മഴ പെയ്യാതെ...................................................................34
25 My Father.......................................................................35
26 Pain of missing................................................................36
27 പ്രണയം ഒരു നിലാവ്.............................................................37
28 Shadow...........................................................................38
29 Solace.............................................................................39
30 കരടിയോടും സൗഹൃദം...........................................................40
31 കൃഷിച്ചൊല്ലുകൾ..................................................................41
32 മിന്നാമിനുങ്ങ്.......................................................................43

**33 ഞാൻ.....................................................................44**
**34 Study habits......................................................... 45**
**35 വെറുമൊരു നാണയം.................................................46**
**36 ഉണ്ണിയുടെ ദുഃഖം......................................................47**
**37 True love..............................................................49**
**38 ആകെത്തുക.............................................................51**



# TO MY MASTER

*It isn't April dear!*
*May is the  cruelest;*
*Cruelest month of the year*
*For I know*
*I must miss you cuckoo*
*In the wilderness of*
*Inevitable farewell.*
*Oh! Honey,*
*You are the maker of supreme spring*
*The drizzling of sunny days*
*With lovely breathe of southern breeze.*
*You never stop it, the songs,*
*Until the dusk of darkness comes.*
*Soothe the dreams of pilgrims*
*Who take shelter even once in a year*
*Sat on your graceful garden*
*Full of colourful blooming buds.*
*But you gardener! you blessed me,*
*Even if an ugly flower,*
*In you fairy garden.*
*That I am glad with all its glory*
*It would resound year after year till my end.*
*Oh! The butterflies*
*Whose wings were shattered*
*In this bower are lucky*
*For thy spirits were showered*
*With verse of a versatility.*
*Spreading the sweet melody of spiritual wisdom*
*My cuckoo, sing the song until the last gasp!*

*Ramesh S  HSA (Mal)   SSVGHS Chirayinkeezhu*

# അനാഥ കുഞ്ഞിന്റെ യാതനകൾ

ഒരിക്കൽ ഒരിടത്ത് നല്ലവനായ കച്ചവടക്കാരനും അയാളുടെ ഭാര്യയും ജീവിച്ചിരുന്നു. കച്ചവടക്കാരനും ഭാര്യയും നല്ല അധ്യാനശീലമുള്ളവരായിരുന്നു. അവർക്ക് ഒരു വിധ കുറവുകളും ഉണ്ടായിരുന്നില്ല. പക്ഷേ, ഒരു വിഷമം അവർക്ക് ഉണ്ടായിരുന്നു. അവരുടെ കാലശേഷം ആ സ്വത്തുക്കൾ നോക്കാൻ അവർക്ക് മക്കളുണ്ടായിരുന്നില്ല. അവർ കുട്ടികൾ ഉണ്ടാകാൻ ചികിത്സകളും നേർച്ചകളും നടത്തി. പക്ഷേ, ഫലം ഉണ്ടായില്ല. അങ്ങനെ ഇരിക്കെ അവർ കച്ചവട ചരക്കുകളുമായി അയൽ ഗ്രാമത്തിൽ പോയി. ചരക്കുകൾ എല്ലാം വിറ്റു പോവുകയും നല്ല ലാഭം കിട്ടുകയും ചെയ്തു. അവർ തിരിച്ചു വന്നത് ഒരു വനത്തിലൂടെയായിരുന്നു. ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. ആ ദിശയിലൂടെ പോയപ്പോൾ ഒരു കുഞ്ഞിനെ അവർ കണ്ടു. ആ കുഞ്ഞിനെ ലക്ഷ്യമാക്കി ഒരു പാമ്പ് വരുന്നത് കണ്ടു. പെട്ടെന്ന് കച്ചവടക്കാരന്റെ ഭാര്യ ഒരു വടിയെടുത്ത് ആ പാമ്പിനെ അടിച്ചു കൊന്നു. ആ കുഞ്ഞിനെ കച്ചവടക്കാരന്റെ അടുത്തേക്ക് കൊണ്ട് പോയി പറഞ്ഞു, ഇത് ദൈവം നമുക്ക് തന്ന കുഞ്ഞാണ്. ഇവളെ നമുക്ക് വളർത്താം. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവർക്ക് ഭയം തോന്നി. കുഞ്ഞിനെ തിരക്കി ആരേലും വന്നാലോ. അവസാനം അവർ ആ വീട് വിറ്റ് അയൽ ഗ്രാമത്തിൽ വാസം ഉറപ്പിച്ചു. ആ കുട്ടിക്ക് താര എന്ന് അവർ പേര് നൽകി സ്വന്തം മകളായി വളർത്തി. താരയ്ക്ക് രണ്ട് വയസ്സായപ്പോൾ അവളുടെ

*ജീവിതത്തിലെ ദുഃഖമേറിയ നിമിഷം വന്നു. കച്ചവടക്കാരന്റെ ഭാര്യ ഗർഭിണിയായി. അവളോട് ഉള്ള അവരുടെ സ്നേഹം കുറഞ്ഞു.. കച്ചവടക്കാരൻ താരയെ അവരുടെ മൂത്ത മകളായി വളർത്താൻ തീരുമാനിച്ചു. പക്ഷേ, കച്ചവടക്കാരന്റെ ഭാര്യ കച്ചവടക്കാരനെ വിമർശിച്ചു. ഇതിനെച്ചൊല്ലി തർക്കിച്ചു. കച്ചവടക്കാരന്റെ ഭാര്യക്ക് താരയോടുള്ള സ്നേഹം നഷ്ടമായി. അവർക്ക് ഒരു ആൺ കുഞ്ഞ് പിറന്നു. അതോടെ അവർക്ക് താരയോട് ഉള്ള ദേഷ്യം കൂടി. അവർ അവളെ ആ വീട്ടിലെ വേലക്കാരിയായി വളർത്തി.*

*വർഷങ്ങൾക്ക് ശേഷം താരയ്ക്ക് 12 വയസ്സും അവരുടെ മകന് 9 വയസ്സും ആയി. അങ്ങനെ ഇരിക്കെ ഒരു ദിവസം അവർ ഒരു യാത്ര പോകാൻ തീരുമാനിച്ചു. പോകുന്ന വഴി അവർ താരയെ കിട്ടിയ കാട്ടിൽ തന്നെ ഉപേക്ഷിക്കാൻ തീരുമാനിച്ചു. ബാഗിൽ കുറച്ച് ഭക്ഷണം വച്ച് അവർ താരയെ കാട്ടിൽ ഉപേക്ഷിച്ചു. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ താരയുടെ അടുത്ത് ഉണ്ടായിരുന്ന ഭക്ഷണം തീർന്നു. പിറ്റെ ദിവസം കുറച്ചു മരം വെട്ടുകാർ ആ വഴി വന്നു. ബോധം അറ്റു കിടന്ന താരയെ അവർ ഗ്രാമത്തലവനെ ഏൽപ്പിച്ചു. മരം വെട്ടുകാർ താരയ്ക്ക് ഉണ്ടായതെല്ലാം ഗ്രാമത്തലവനെ അറിയിച്ചു. ഗ്രാമത്തലവൻ കച്ചവടക്കാരനെയും അയാളുടെ ഭാര്യയെയും ശിക്ഷിച്ചു. ഗ്രാമത്തലവൻ വിവാഹിതനാകുന്നതിനു മുമ്പ് ഒരു സ്ത്രീയുമായി ബന്ധം പുലർത്തിയിരുന്നു. തന്റെ വിവാഹ ശേഷമാണ് അവർ ഗർഭിണിയാണ് എന്ന് ഗ്രാമത്തലവൻ അറിഞ്ഞത്. ആ സ്ത്രീയും*

*കുഞ്ഞും ഒരു ഭയമായി അയാളെ പിൻതുടർന്നു. അയാൾ ആ സ്ത്രീയെ ആളുകളെ അയച്ച് കൊലപ്പെടുത്തുകയും അവർക്കുണ്ടായ പെൺകുഞ്ഞിനെ കാട്ടിൽ ഉപേക്ഷിക്കുകയും ചെയ്തു. ഗ്രാമത്തലവൻ ഈ കാര്യങ്ങളെല്ലാം തന്റെ ഭാര്യയെ അറിയിച്ചു. ദേഷ്യത്തിനു പകരം സഹതാപമാണ് അവർക്ക് അയാളോട് തോന്നിയത്. മക്കൾ ഉണ്ടാവാത്ത ആ സ്ത്രീ താരയെ സ്വന്തം മകളായി വളർത്താൻ തീരുമാനിച്ചു. വർഷങ്ങൾക്ക് ശേഷം താരയ്ക്ക് 17 വയസ്സായി. അപ്പോഴേക്കും ഗ്രാമത്തലവൻ മരണത്തോട് അടുക്കുകയായിരുന്നു. മരിക്കുന്നതിനു മുൻപ് താരയുടെ വിവാഹം കാണണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. തുടർന്ന് വിവാഹം നടക്കുകയും ഗ്രാമത്തലവൻ മരിക്കുകയും ചെയ്തു. അങ്ങനെ താരയുടെ ഭർത്താവ് ഗ്രാമത്തലവൻ ആകുകയും, പിന്നീടുള്ള കാലം താരയും താരയുടെ ഭർത്താവും സന്തോഷത്തോടു കൂടി ജീവിക്കുകയും ചെയ്തു.*

***ASIYA***



# അമ്മ

സ്നേഹത്തിൻ ദീപമാണ് അമ്മ
കരയുമ്പോൾ ഓടിയെത്തുമമ്മ
വീഴുമ്പോൾ അരികിലെത്തി
ആശ്വസിപ്പിച്ചിട്ടുമമ്മ,

വീശക്കുമ്പോൾ പാലൂട്ടുമമ്മ
താരാട്ടുപാടിയുറക്കുമെന്നമ്മ
ആദ്യമായ്പറയാനും എഴുതാനും
പഠിപ്പിച്ചതെന്നമ്മ,

എന്നുമെൻനല്ലഅമ്മ
എന്നുമെനിക്കാശ്വാസമാണമ്മ
എപ്പോഴും സ്നേഹിക്കുമെന്റെയമ്മ

*Nandhana pratheeshan*

# A great sacrifice : story of Panna dhai


*In spite of a lineage rich in the respectability and the vector of Sisodias , Vikramadithya who ascended the throne of Mewar was a very insolant and arrogant king.Many self respecting nobles fond his behaviour intolerate and left Chittor never to return till Vikramadhithya was on the thrown. Rani karnavathi, Vikramadithyas mother entrusted her maidservent Panna dhai (nany) for upbringing her sons Vikramadithya and Uday singh. she was also distressed by behavior of Vikramadithya and confided in Panna dhai her worries and invited by nobles to be the guardian Vikramadithya. Banvir exploited the situation to fulfill his own ambitions. He felt that their were only two obstacles between him and the throne – Vikramadithya and brother Uday sing. He secretly conspired to kill both. After he had assassinated Vikramaditya, Banvir was spotted by a maidservant and seeing his sword , She promptly informed Panna of the cruel deed and said that Banvir was now coming for Uday singh.*

*Pannas mind began racing. She had to save the only living there to the throne of Mewar. She concealed Uday singh in the basket and covered him with fruits and the future maharaj of the mewar was smuggled out of the reach of the Banvir. Panna placed his own sleeping son Chandran, on the bed of Uday singh. When Banvir came, he unknowingly slew Chandran,thinking that it was Uday singh sleeping in his bed. Soon Panna, who wouldn't even mourn for her son was hurrying away from chittor with Uday singh in search of help from the other chieftains. The Rao asha shah of Kumbalgarh was ready to give them shelter. Four years passed and Uday singh was married to a Rajput cheiftain and revealed to them the story of Uday singh's escape.*

*The Rajput cheiftain, on coming to know the truth, considered their duty to restore the thrown to the lightful owner. They joined Uday singh in the revolt against Banvir and in a battle fought near Maholi, Banvir's entire army was lost. At last Uday singh returned to Chittor and was later crowned as the maharaja of Mewar. He was much indebted to Panna for her great sacrifice,yet Panna in the same rajput tradition felt that it was her duty and all her sorrow was washed away on seeingUday singh on the thrown.*

***FATHIMA AAMII***

# *THOUGHTS*



***Your beliefs become your thoughts,***
***Your thoughts become your words,***
***Your words  become your actions,***
***Your action become your habits***
***Your habits become your values,***
***Your values become your destiny***

**:MAHATMA GANDHI**

***LIFE AND TIME ARE***
***THE WORLD'S BEST TEACHERS.***
***LIFE TEACHES US TO MAKE***
***GOOD USE OF TIME AND TIME***
***TEACHES US THE VALUE OF LIFE.***




***:DR.APJ ABDUL KALA***


# എന്റെ പ്രണയം ചുവപ്പിനോട്

വേനലിനോട് പ്രതികാരം തീർക്കാൻ വേണ്ടിയാണോ
ഗുൽമോഹർ ഇങ്ങനെചുവന്നു പൂവിട്ടത്?
കൊടും വേനലിൽ ചുവന്ന പൂക്കൾ കൊഴിഞ്ഞുവീണ
വീഥിയിലൂടെ നടക്കുമ്പോഴും മനസ്സിൽ
ചുവപ്പിനോടുള്ള പ്രണയമാണ് സഖാവേ......
നമ്മൾ ഒരുമിച്ചു നടന്ന ആ വഴികളിലൂടെ ഇനിയും നടക്കണം.
വിപ്ലവത്തിന്റെ മാത്രം നിറമല്ല ചുവപ്പ്
എന്റെ  പ്രണയത്തിന്റെ നിറവും ചുവപ്പാണ്
ഈ ചെങ്കൊടിയോടുള്ള നിന്റെ പ്രണയം
അവസാനനിമിഷം വരെയും മുഷ്ടി ചുരുട്ടി
നീ വിളിക്കുന്ന മുദ്രാവാക്യവും ഇന്നുമെൻ
കാതുകളിൽ മുഴങ്ങുന്നുണ്ട്.
വേനലിൽ വസന്തത്തിൽ പൂത്തു നിന്ന
ഗുൽമോഹറുകൾ പ്രണയം തളിരണിഞ്ഞവരുടെ
മാത്രം സ്വന്തമല്ല.........
അവയെല്ലാം ചങ്കിൽ വിരഹത്തിൽ
കനലെയിരുന്നവരുടെയും കൂടിയാണ് സഖാവെ.
എന്റെ പ്രണയം ഇവിടെ അവസാനിക്കില്ല.
എല്ലാ വേനലിലും ഗുൽമോഹർ ചുവന്നു പൂവിടുമ്പോഴും
ഈ വീഥിയിൽ ഞാൻ നിന്നെയും കാത്ത് നിൽപ്പുണ്ടാകും
അതേ ഓർമ്മകൾ മരിക്കില്ല..
എന്നിലൂടെ എന്റെ വരികളിലൂടെ
നമ്മുടെ പ്രണയവും നിലനിൽക്കും.......
അതേ എനിക്ക് ജീവിക്കണം നിന്നെ
എഴുതാൻ വേണ്ടിയെങ്കിലും
എനിക്ക് പ്രണയമാണ് ഈ ചുവപ്പിനോട്...


***Roshni.S.Vishnu***

# പ്രളയം

കേരളത്തെ മുക്കിയ പ്രളയം കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലമെന്ന് ദേശീയ കാലാവസ്ഥ കേന്ദ്രം. അതിശക്തമായ കാലവർഷവും അണക്കെട്ടുകളിൽ വൻതോതിൽ വെള്ളമെത്തിയതുമാണ് പ്രളയത്തിനു കാരണമായത്. ഇതിനു പിന്നിൽ കാലാവസ്ഥ വ്യതിയാനമാണ്.സാധാരണ മഴയുടെ അളവു കുറയുന്നതും അതിശക്തമായ മഴയും കഠിന വരൾച്ചയും ഉണ്ടാകുന്നത് കാലാവസ്ഥ മാറ്റത്തിന്റെ ഫലമായിട്ടാണ്.കഠിന വരൾച്ചയുടെ ദിനങ്ങൾ 1901-10 കാലത്തു 80 ശതമാനമായിരുന്നെങ്കിൽ 2001-10 ൽ 82.2 ശതമാനമായി. 10-15 സെന്റീമീറ്റർ മഴ പെയ്യുന്ന ദിവസങ്ങൾ വർധിച്ചപ്പോൾ 5 സെന്റീമീറ്ററിൽ താഴെ മഴ പെയ്യുന്ന ദിവസങ്ങൾ കുറഞ്ഞു. 2000 നു ശേഷം അതിശക്തമായ മഴ ലഭിച്ച ദിവസങ്ങളിൽ വലിയ വർധനയുണ്ടായി കേരളത്തിൽ ഇത്തവണ ലഭിച്ചതു 2377.1 മില്ലിമീറ്റർ മഴ;42% അധികം. ഓഗസ്റ്റ് 1 മുതൽ 20 വരെ രേഖപ്പെടുത്തിയ മഴ സാധാരണ നിലയെക്കാൾ 156% ഉയർന്നിരുന്നു.



***കേരളത്തെ വെള്ളത്തിൽ മുക്കിത്താഴ്ത്തിയ പ്രളയത്തിൽ നല്ലൊരുഭാഗം സംഭാവന ചെയ്തതിൽ മനുഷ്യൻ തന്നെയാണെന്നതിൽ സംശയമില്ല. അതിനാൽ വരുംതലമുറയുടെ ഭാവി ഭദ്രമാക്കേണ്ട ചുമതല നമുക്കോരോരുത്തർക്കുമാണ്.***




# DREAM

*Life is a dream*
*Full  of hopes and desires.*
*Dreams are like flowing streams*
*That flow through all minds.*
*I wish I had many comrades*
*To wander with my dreams*
*It gives me an immense pleasure*
*To be in a world like this.*
*Once I had a vision*
*So fair and dear*
*Of an angel with wings golden*
*Soaring high and high.*
*It took me to a world*
*Where all things appeared magical*
*The birds, creatures and everything else*
*Like flowing in a stream of joy.*
*There were gardens and orchards*
*Bearing fruits and flowers of love*
*Awaken 'd suddenly by some disturbance,*
*I realised it was just a dream*
*It was just a  dream!!!!!*

*Ameena  A N*

# അണയാത്ത വിളക്ക്



ആർത്തിരമ്പിപ്പെയ്യുന്ന മഴ. രാമകൃഷ്ണൻ നായർ മഴയുടെ ആ മധുരമായ ശബ്ദം ശ്രവിച്ചു കൊണ്ട് തന്റെ ചാരുകസേരയിൽ ഇരിക്കുകയാണ്. അദ്ദേഹം ചിന്തിക്കുകയാണ് ഇതുപോലൊരു മഴ ദിവസമായിരുന്നു തന്റെ പാർവ്വതിക്കുട്ടിയും തന്നെ വിട്ട് പോയത്.

ഒരമ്മയായി, ഭാര്യയായി, മകളായി എന്നോടൊപ്പമുണ്ടായിരുന്ന പാർവതി ക്കുട്ടി. പെട്ടെന്നുള്ള അവളുടെ വിയോഗം എന്നെ തളർത്തി. പക്ഷെ തന്റെ മകളുടെയും പേരക്കുട്ടിയുടെയും സാന്നിധ്യം എന്റെ മനസ്സിന് ആശ്വാസം നല്കി. അവരെപ്പോലെ ഞാനും അവരോടൊപ്പം നടന്നു , ഒരു കൊച്ചു കുട്ടിയെപ്പോലെ .....എന്നാൽ അവർ വന്നത് എന്നെ കാണാനല്ല,

തറവാട് വിൽക്കാനാണന്നറിഞ്ഞപ്പോൾ ആ വേദന എന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്കാണെത്തിയത്. ഏറ്റവുമൊടുവിൽ മൂത്തമകൻ മക്കളുടെയെല്ലാവരുടെയും സാന്നിധ്യത്തിൽ പറഞ്ഞു " ഞങ്ങൾക്കൊന്നുമിവിടെ നിൽക്കാൻ പറ്റില്ല അതുകൊണ്ട്...."

"അതിന് ഈ തറവാട് നിങ്ങൾക്ക് വിൽക്കണം അല്ലെ?" രാമകൃഷ്ണൻ നായർ ചോദിച്ചു.

അപ്പോൾ ഇളയവൻ പറഞ്ഞു " എത്രയെന്ന്

***വയ്യാണ്. അച്ഛൻ ഇന്നോ നാളെയോ എന്ന മട്ടിലാണ്. അച്ഛനെന്തെങ്കിലും വന്നാൽ നമ്മൾക്കിവിടെ വരാൻ കഴിയില്ല." രാമകൃഷ്ണൻ നായർ പറഞ്ഞു" എന്റെ പാർവ്വതിക്കുട്ടി ഉറങ്ങുന്ന മണ്ണ് ഞാൻ ആർക്കും വിട്ടുകൊടുക്കില്ല. നിങ്ങൾക്കെന്തിനാ ഇതൊക്കെ, സ്വത്തും പണവുമില്ലെ, പിന്നെ ഞാൻ മരിച്ചാലും നീയൊന്നും വരണ്ട പോരെ? നിങ്ങളീ തറവാട് വിറ്റാൽ തന്നെ ഞാൻ എവിടെ താമസിക്കും? നിങ്ങളുടെ കൂടെയോ?" അപ്പോൾ ഇളയവന്റെ ഭാര്യ പറഞ്ഞു " ഡാഡ് എന്താണീ പറയുന്നത്? നമുക്ക് ഇവിടെ ഒരു സ്വത്തും വേണ്ട. ഒരു ഫെസിലിറ്റിയൊക്കെ ഉള്ള ഓൾഡേജ് ഹോം നമുക്ക് കണ്ടുപിടിക്കാം. സോ, യൂ ആർ ബെറ്റർ ഹാപ്പിയർ ദാൻ ഹിയർ." തന്റെ മക്കളിത്രയും വളർന്നോ? ഞാനൊന്നും പറഞ്ഞില്ല. അവർക്കിഷ്ടമുള്ളത് ചെയ്യാൻ പറഞ്ഞു. പിറ്റെ ദിവസം തറവാട്ശാന്തമായിരുന്നു. അസ്ഥിപ്പുരയിൽ വിളക്ക് കത്തിച്ചിട്ടില്ല. ഇനിയുണരാത്തൊരു നിദ്രയിൽ രാമകൃഷ്ണൻ നായർ. മക്കൾ ചുറ്റുമുണ്ട്. എല്ലാവരും കരയുന്നു. അപ്പോഴൊരു ചെറുമകൻ ചോദിച്ചു " മമ്മാ, വൈ ഗ്രാന്റ്പാ ഈസ് ലൈയിംഗ് ഇൻ ദ് ഫ്ലോർ?" അപ്പോൾ മരുമകൾ പറഞ്ഞു " ഹീ ഹാഡ് ഗോൺ റ്റു ഗ്രാൻമാസ് പ്ലെയിസ്." അപ്പോൾ അവൻ പറഞ്ഞു " ഗ്രാൻപാ ഡിഡ് ദ് കറക്റ്റ് തിംഗ്.***

***ബികോസ് നിങ്ങളെല്ലാവരും ഗ്രാൻപായോട് ദേഷ്യപ്പെട്ടില്ലേ? അതുകൊണ്ടാ ഗ്രാൻപാ നിങ്ങളോട് ദേഷ്യപ്പെട്ട് പോയത്. എന്തിനാ, ഗ്രാൻപയേ വഴക്ക് പറഞ്ഞത്? ഈ ചോദ്യത്തിന് ആർക്കും ഉത്തരം പറയാൻ കഴിഞ്ഞില്ല. രണ്ടു ദിവസത്തിന് ശേഷം അവർ തീരുമാനിച്ചു, ഈ തറവാട് വിൽക്കേണ്ടതില്ല എന്ന്. അവർ ഇടക്കിടക്ക് വന്ന് പോകാറുണ്ട്. പാറുക്കുട്ടിയും രാമകൃഷ്ണൻ നായരും ഇപ്പോൾ സന്തോഷിക്കുന്നുണ്ടാകാം. ആ വീടിന് കാവലായി ആ രണ്ട് വിളക്കുകളും കത്തിക്കൊണ്ടിരുന്നു......***

***Anjali A***

# ഇളംതെന്നൽ

***മലയിൽ തടഞ്ഞതെൻ സുഗന്ധത്തേരിൽ***
***വിടരുന്നതൻ തെന്നൽ സുഗന്ധം***
***ആലോലതൻ വായുവിൻ***
***കുളിരുന്നു തെന്നലിൻ മേൽ***
***പുലരിയിൻ കുളിർമേതിയിൽ***
***മഞ്ഞുമൂടിതൻ തെന്നലാം***
***വയലിൻ പുഴതൻ കടന്നീടും***
***കുളിരായിയെത്തുന്ന സുഗന്ധതെന്നൽ***
***ആലോലതൻ വായുവിൻ***
***ആടുന്നേരം ഇളം തെന്നലായ് വരുമെൻ***
***തെന്നൽ സുഗന്ധം***

***Deepa.D***


# ***J.K ROWLING***



Joanne Kathleen Rowling is a British author. She was born 31 July 1965 in England she only uses the name J.R Rowling for her books. She wrote the Harry Potter books she earned degree in French the original idea for Harry potter came to her on a train that was delayed for 4 hours Harry potter and his philosopher's was first published in the UK in 1997. Rowling has won many awards for the Harry potter series of books. Due to the popularity of the books Rowling has become very rich. She wrote other book are fantastic beasts and where to find them Quidditen through the ages The Tales Of Beedle the Bard,Harry potter and cursed child etc......

**Avani.A.S**

# ബാല്യകാലം



*ബാല്യത്തിൽ പുതുമുഖങ്ങൾ വിരിയുന്ന*
*കാൺകേ*
*ബാല്യത്ത്വമങ്ങനെ നിറയുമെന്നുള്ളിൽ*
*ബാല്യത്തിൻ സുഗന്ധം തേടിയലയുന്ന*
*ബാല്യസൗഹൃദം*
*ബാല്യകാലത്തു നാം കൂട്ടരുമായി*
*കളിച്ചതോർത്തില്ലേ നീ*
*ഉണ്ണിക്കഥകളും, പൂമാലയും*
*ഓർക്കുന്നില്ലേ നീ*
*ഉല്ലാസയാത്രയും മറന്നുവോ നീ*
*അന്നും നമ്മൾ ഓലത്തുമ്പിയെ കണ്ടതില്ലേ*
*ഈ ദിനം മാത്രമേ ഞാൻ കാണുകയുള്ളൂ......*
*ഈ ദിനം മാത്രമേ ഞാൻ കാണുകയുള്ളൂ......*


***Deepa.D***

# DON'T CHANGE THE WORLD

*Once upon a time,there was a king who ruled a prosperous country. One day, he went on a trip to some distant areas of his country. When he was back to his palace he complained that his feet were paining because it was the first time that he went for such a long trip the road that he went through was very rough leather. Definitely, this would need thousand of cow skin would cost a huge amount of money. The one of his wise servant told the king "Why do you have to spend this unnecessary amount of money? Whey don't you just cut a little piece of leather to cover your feet? The king was surprised but he later agreed to the suggestion to make a "shoe" for himself.*
*There is actually a valuable lesson of life on this story: "To make this world a happily place to live in, we better change ourselves – our heart ; and not the world."*

***GADHALEKSHMI.G***

# *FRIENDSHIP*




***True Friends Are Heavenly Gift To Man***
***To Holds His Hand And Lead Him On***
***To Spur Him,To Spank Him And Pa Him***
***To Orient Our Lives To The Right Direction.***

***Since Man Is A Social Animal, We***
***All Require.***
***Some One To Open Up And To Show***
***How Our Heart.***
***Is To Ask Opinion. As Well As To Discuss***
***Problems To Put The Minds Together To Plan***
***And To Guide Us***

***God Gave Us Parents When We Had Been***
***Children And Sisters***
***In Our Adolescence.***
***A Lovely Girlfriends In Our Youth Day***
***And Family A Wife To Guide Us.***

***When More Than One People There Heads.***
***Together For A Common Purpose If.***
***It Is With Common Ends***
***There Would Be Tremendous Power To Win.***
***To Achieve Defend Protect ,Love, Recapture,***
***And be loved*** *Amina s*




# WHY WE CAN'T?

*They told us that we can't*
*then we decided that we have to.....*
*once....we were like Estragon and vladmir*
*waiting for  mystery to come*
*waiting for an unknown power to take us up.*
*Living in a world of absurdity*
*we are like mums, fools*
*changing our roles just like*
*pozzo and lucky*
*but we are not rogues.*
*Frost told us about the two roads.*
*Now we are standing in front of that roads.*
*We are confused,but it is not permanent*
*we will and we have to.*
*We have to travel some miles to*
*reach the cape of good hope.*
*We know that recollecting the memories of*
*those foolish days.*
*Will give us  beautiful smile in future.*
*We know there is miles and miles*
*to go  before we sleep.*
*They told us that we can't*
*but we know that man can be defeated but not destroyed*

*Sneha. S*

# ഭൂമിയാം.....



ഭൂമിയായ് കാഴ്ചകൾ കാൺകേ
പച്ചിലയാം പൂക്കളിൻമേൽ
ആലോലവായു തങ്ങിടുന്ന
എന്തിനേറെ പറയുന്നുവെന്നോ
ഭൂമി അമ്മയായ്
ഭൂമിതൻ ദേവതയായതെന്തു
എൻ ഭൂമി സുഗന്ധദേവി
നീലിമയാം ഭൂമി
സ്വപ്നലോകമാം എൻ ഭൂമി
ഭൂമി മാതാ ദേവത
നമുക്ക് മുൻപേ എൻ ഭൂമി
വളർന്നു ഈ തിരുമുറ്റത്ത്.....

***Deepa.D***

## ***<u>അധ്വാനത്തിന്റെ മഹത്വം</u>***




***ഒരിടത്ത് ഒരു കോഴി അമ്മയും രണ്ടു മക്കളും ഉണ്ടായിരുന്നു. അവരുടെപേരാണ് ജാക്കിയും, സോണിയും. അങ്ങനെയിരിക്കെ ഒരു ദിവസം കോഴിയമ്മ തീരുമാനിച്ചു കേക്ക് ഉണ്ടാക്കാൻ. കോഴിയമ്മ തന്റെ മക്കളോടു പറഞ്ഞു മക്കളെ നമുക്ക് ഇന്നു കേക്ക് ഉണ്ടാക്കാമെന്ന് . അതിന് എനിക്ക് ഒരുപാട് സാധനങ്ങൾ വാങ്ങണമെന്ന് പറഞ്ഞു. അപ്പോൾ ജാക്കി പറഞ്ഞു അമ്മേ ഞാൻ അമ്മയുടെ കൂടെ വരാം എന്ന് . അപ്പോൾ അമ്മ പറഞ്ഞു അതു നല്ല കാര്യമാണെന്ന്. അങ്ങനെ കോഴിയമ്മയും ജാക്കിയും കടയിലേക്ക് പോയി. അപ്പോൾ സോണി മുറിയിലേക്കും പോയി എന്നിട്ട് അവൾ സുഖമായി ഉറങ്ങാൻ തുടങ്ങി. കുറച്ചു സമയം കഴിഞ്ഞപ്പോൾ കോഴിയമ്മയും ജാക്കിയും തിരിച്ചെത്തി. അപ്പോൾ സോണി ചോദിച്ചു അമ്മേ കേക്ക് ഉണ്ടാക്കിയോയെന്ന്. അപ്പോൾ അമ്മ പറഞ്ഞു ഇല്ല. ഇപ്പോൾ കടയിൽ നിന്ന് വന്നതല്ലെയുള്ളൂ. കേക്ക് ഉണ്ടാക്കാനുള്ള മാവ് കുഴയ്ക്കുക എന്നത് വളരെ പ്രയാസമുള്ള ജോലിയാണ് . അതുകൊണ്ട് കേക്ക് ഉണ്ടാക്കാൻ കുറച്ചു സമയം എടുക്കും. അപ്പോൾ സോണി വീണ്ടും ഉറങ്ങാൻ തുടങ്ങി. അപ്പോൾ ജാക്കി അമ്മേ ഞാൻ അമ്മയെ സഹായിക്കാം. അമ്മ പറഞ്ഞാൽ മതി എന്തൊക്കെയാണ് വേണ്ടതെന്ന്.***

***അങ്ങനെ കോഴി അമ്മയും ജാക്കിയും വളരെ ഭംഗിയായി കേക്ക് ഉണ്ടാക്കി തീർത്തു. അപ്പോളാണ് സോണിയുടെ മൂക്കിൽ കേക്കിന്റെ മാധുര്യമേറിയ ആ സുഗന്ധം പാഞ്ഞു പോയത്. അപ്പോൾ തന്നെ സോണി അടുക്കളയിലേക്ക് പാഞ്ഞു പോയി . എന്നിട്ട് അവൾ പറഞ്ഞു 'അമ്മേ എനിക്ക് കേക്ക് വേണം' അപ്പോൾ അമ്മ പറഞ്ഞു 'ഒന്ന് നിൽക്കു മകളെ അമ്മയിതു മുറിച്ചുതരാം'. അമ്മ അങ്ങനെ കേക്ക് മുറിച്ച് ജാക്കിക്കും***

***സോണിക്കും കൊടുത്തു. അപ്പോൾ സോണിക്ക് ചെറിയ കഷ്ണമാണ് കൊടുത്തത്.അപ്പോൾ സോണി ചോദിച്ചു എന്താ അമ്മേ എനിക്ക് ചെറിയ കഷ്ണവും ജാക്കിക്ക് വലിയ കഷ്ണവും കൊടുത്തത്.അപ്പോൾ അമ്മ പറഞ്ഞു അധ്വാനിക്കുന്നവർക്കേ എപ്പോഴും അതിന്റെ പ്രതിഫലം കിട്ടൂ.***

***Arunima C***

# മഴനീർ



ജലമേ നീയൊടിച്ച മേഘത്തേരിൽ
കണ്ണു നീരായി നീ വീഴുന്നല്ലോ
നിൻ കൺമുമ്പിൽ മഴനിരുകൾ
പല നിറമായി വീഴുന്നല്ലോ

ഈ മഴയിൽ ഞാൻ കാൺകെ
വെള്ളത്തുള്ളികൾ വീഴുന്നല്ലോ
മഴവന്നപ്പോൾ നൃത്തമായി
ആടിയും പാടിയും മഴയായി

ഈ മഴയിൽ ഞാൻ നനഞ്ഞു
ഈ കുളിരിൽ ഞാൻ കുളിർത്തു
തണ്ണീർ മുത്തുകളായി വിണ്ണിൽ
നിന്ന് വന്ന മരതകമേ.........
പൂക്കളുടെ സന്തോഷം നീയേ...
സൂര്യപുത്രിയുടെ കിരിടത്തിൽ നിന്നും
അടർത്തിയത് പോലെ വൈരക്കല്ലാണ് നീ...


***Aparna AS***

# തൂവൽ സ്പർശം

മുറ്റത്ത് ലാത്തുമ്പോൾ മുന്നിലായൊരു
പക്ഷിതൻ തൂവൽ പറന്നുവീണു
കാറ്റിൻ അലകളിൽ ആലോലമാടിയ
കാണാ കിളിതൻ കിളിന്നു തൂവൽ
താണു താണു അങ്ങനെ പാറി വീണു മെല്ലെ
ഞാനതെടുത്തു തലോടി നിന്നു
പൂവ് പോൽ പൂവിളം പട്ടുപോലുള്ളയാ
തൂവലിൽ തന്നെ ഞാൻ നോക്കി നിന്നു
ഏതു കിളിതൻ ചിറകൊളിയിൽ നിന്ന്
മേതുമീ തുള്ളിയിങ്ങിറ്റു വീണു
ഏതൊരു പൂമര കൊമ്പിലേക്ക്
ചേക്കേറുവാൻ ആ പക്ഷി പോയിരിക്കാം
ഇല്ലറിയില്ലെനിക്ക് ഒന്നുമെ
ഞാനതെൻ ചില്ലലമാരയിൽ കൊണ്ടു വച്ചു
എന്നും ഉണർന്നു ഞാൻ ഉമ്മറത്തെത്തുമ്പോൾ
എന്നെയതാർദ്രമായി നോക്കും പോലെ
എന്റെ മനസ്സൊരു പൂമരമാകുമ്പോൾ
ഏതോ കിളിയതിൽ പാടുമ്പോലെ......

**Devananda**

# പ്രകൃതിതൻ ജീവൻ



പ്രകൃതിതൻ മക്കൾ നാം
പ്രകൃതിയെ സ്നേഹിക്ക നാം
ജീവന്റെയുറവിടം പ്രകൃതി.
പുഴകളും കാടും പുൽമേടുകളും
കാട്ടരുവികളും പാറക്കെട്ടുകളും
" മനുഷ്യാ നീ അരുത് "
നീയെൻ പ്രകൃതിയെ നശിപ്പിക്കരുത്

***Devika***

# *LOVE BETWEEN GOD & ME*

*I remember the day*
*When I first heard about you*
*And the days*
*When I longed to see you*
*After any day*
*One day*
*I experienced you*
*And I was happily singing with joy*

*How lucky were my eyes*
*To see you,my God*
*And my heart*
*To become one with you*

*When I want to see you*
*I see you in my mind*
*When I want to hear you*
*I listen to my heart beating.*
*I feel you in my movements*
*Because you are in me*
*And I am in you*
*You and me together*

*No one can separate us*
*No darkness,no suffering*
*Because I have dissolved in you*
*And live in you,in you alone.*

*Evening ocean dries*
*Your love for me will never die*
*Even of the life river stops flowing*
*Your providential care will never stop overflowing.*

*Arya S A*

# ദയയുടെ കാൽപ്പാടുകൾ


ഒരിടത്ത് ഒരു ദരിദ്രയായ പെൺകുട്ടി ഉണ്ടായിരുന്നു. സീത എന്നായിരുന്നു അവളുടെ പേര്. ഒരു അപകടത്തെ തുടർന്ന് അവളുടെ അച്ഛൻ കിടപ്പിലായിരുന്നു. അവൾ തെരുവുകൾ തോറും ചെരുപ്പുകുത്തിയായി പണിയെടുത്താണ് അച്ഛനു വേണ്ടിയുള്ള മരുന്നുകൾ വാങ്ങിയിരുന്നത്.

ഒരിക്കൽ തിരക്കേറിയ ഒരു റയിൽവേ സ്റ്റേഷനിൽ ചെരുപ്പ് തയ്ക്കുകയായിരുന്നു സീത. അവൾ തയ്ച്ചു കൊടുത്ത ചെരുപ്പ് ശരിയായില്ല എന്ന് പറഞ്ഞ് അനാവശ്യമായി അവളെ അയാൾ ചീത്ത പറഞ്ഞു. കരയുന്ന സീതയെ കണ്ട് ദുഃഖം തോന്നിയ ഒരു അധ്യാപിക കാര്യമെന്തെന്ന് തിരക്കി. നിറകണ്ണുകളോടെ അവൾ കാര്യം പറഞ്ഞു. എല്ലാം കേട്ടു നിന്ന അധ്യാപിക അവളുടെ പഠനത്തെ കുറിച്ച് തിരക്കി. അവൾ വീട്ടിലെ അവസ്ഥയും ബുദ്ധിമുട്ടുകളും അധ്യാപികയെ അറിയിച്ചു. അവളോടൊപ്പം അധ്യാപികയും വീട്ടിലേക്ക് ചെന്നു.

ഓല കൊണ്ട് മേഞ്ഞ ഒരു വീടായിരുന്നു സീതയുടേത്. വീട്ടിലെ അവസ്ഥ അറിഞ്ഞ അധ്യാപിക സീതയെ പഠിപ്പിക്കാൻ തീരുമാനിച്ചു. തുടർന്ന് പഠിക്കാൻ മിടുക്കിയായ സീത പഠിച്ച് എം.ബി.ബി.എസ് നേടിയെടുത്ത് വലിയ ഒരു ഡോക്ടറായി സന്തോഷത്തോടു കൂടി ജീവിച്ചു.......

**Sheethal.S**

# I AM ALONE




*I am alone like a bird*
*Who is free to fly anywhere*
*I am alone like a bird,*
*Who lost her mother.*
*I am alone like a tree*
*In a dark forest*
*I am alone like a star*
*In the bright sky.*
*I am alone like a soldier*
*In the last meadows*
*I am alone everywhere,but*
*My soul will never leave me*
**It's my only spirit............!**

***Anjitha A***

# മഴ പെയ്യാതെ

*മഴ പെയ്ത വെള്ള മഴ തുള്ളിയെ*
*നിന്നെ ഒന്നു നോക്കാൻ ഞാൻ കൊതിക്കുന്നു.*
*നിന്നെ ഓർത്ത് ഞങ്ങൾ പരിദേവനിക്കുന്നു.*
*പുഴകൾ വറ്റി; പച്ച പുല്ലുകൾ കരിഞ്ഞു: നിന്നെ ഓർത്ത്*
*കരയുന്നു. അല്ലയോ! മഴയെ, വർഷത്തിൽ നിന്നൊരു നറു*
*രത്ന മുത്തുപോലെ! നിൻ കള കള ശബ്ദം ഞാൻ*
*കാതോർക്കുന്നു. ഇലകൾ കരിഞ്ഞ് നിൽക്കുന്നു*
*പുരുഷാരങ്ങൾ തൊണ്ട വരണ്ടു മരിക്കുന്നു.*
*അഗ്നി പോൽ ചൂടു കൊണ്ടു നിറയുന്നു*
*നിന്നെ ഓർത്ത് കരയുന്ന*

***Megha***




# *My Father*

*As I walked in the darkness*
*I heard an echo*
*It was you telling me,*
*don't fret ,I am behind*
*passing through the milling crowd*
*With no space to stern d a breath*
*I heard You telling*
*''You aren't alone I'm with you*
*When the waves splashed over me*
*You said,Relax !I'm always there with you''*
*you love is wonderful,because you are*
*The ocean of happiness,*
*The height of forgiveness,*
*The depth of defensiveness.*

***Aparna Sivan***

# *PAIN OF MISSING*



***I heard the whistling of his breath,***
***Behind the black peel arose wide***
***Yeah! I felt his hands works,***
***Down the aves to victory***
***I waited fox the bike to ease.***
***Once arose like the mushroom***
***In a wild rain scattered***
***It gave its shade of recovery***
***Then decayed in the next rain wild***
***Yeah! I remember thorough wide***
***Stood up in the drizziling way,***
***A smile I thought, but not, only***
***A pain, a pain of missing pierced***
***Giving a lot of promise***
***Leaved me alone in the way***
***But I'll wait, I will wait for it***
***For the pain of missing.***

***GOPIKA***

# പ്രണയം ഒരു നിലാവ്


*മഴത്തുള്ളിയായി പൊഴിയുന്ന നിൻ*
*നിലാപുഞ്ചിരി*
*അതിൽ മാത്രമായ് ഒഴുകുന്ന എൻ*
*പ്രിയമാനസം*

*പൂപോലെ നിൻ ഈറൻ മൊഴി*
*വിടരുന്ന ഒരായിരം പ്രണയങ്ങൾ*
*നീറുമെൻ മനസ്സിന്റെ കവാടം*
*തുറന്നു നീ നിന്റെ പ്രണയത്തിൻ മനസ്സുമായി*

*എന്നും ഓർക്കുന്ന നിൻ*
*പാൽ പുഞ്ചിരി*
*തൂകും എന്നുള്ളിലെ പ്രണയം*
*പ്രണയത്തിൻ മധുപാത്രം നിനക്കായ്*
*തുറന്നുവച്ചു ഞാൻ*
*നീയതിലൊരു ചിത്രശലഭമായി*
*പാറിപ്പറക്കുന്നു*

*മനസ്സിന്റെ വാതിൽ*
*നിനക്കായി തുറന്നു*
*ഒരുവട്ടം കൂടിതുറക്കുവാനായ്*
*അതിലൊന്നിന്റെ ഹൃദയം തുറന്നുവച്ചു*
*സഖിയേ ഞാൻ കേഴുന്നുനിൻ*
*പൊൻപുലരിയിൽ നിൻ*
*പ്രണയത്തിൻ പൊൻകതിരുകൾ .........*

***Vaishnavi***



# *SHADOW*

*It look like me, the same*
*Eyes, the same face, the*
*Same hands, legs and*
*The same body*

*It runs with me, jumps*
*With me and do all the*
*Same things that  I do*
*Is she my friend,*

*No.......there is no way*
*They sometimes push me*
*Into the darkness*
*Oh.........god! She is black*
*May because of some one's loss*

*I realize she is part of mineWith problems of Mini*
*She is my friend,but*
*Never leave me alone*
*Because problems never*
*Let me to stay  alone.*

*Mariyam*


# *SOLACE*




***He felt like sitting all Alone;***
***When each moments goes on.***
***He felt more and more lonely***
***Something is lost in him daily.***
***He may be searching his soul.***
***He may be wandering the whole.***
***He was sinking in love, a sweet love***
***The days were like while dove***
***They were like two cherubs***
***Cherishing in their dreamy wings.***
***Whenever he sigh;***
***He saw those days in mind's eye***
***The smiling visage***
***Made him a sage.***
***He saw the cherub's smiling eyes***
***Forever with droplets of tears***
***He secked solitude........***
***He secked life.......***
***He secked every possibilities ........***
***And finally to Almighty!.........***

***Gayathri***

# കരടിയോടും സൗഹൃദം



ഒരിടത്ത് മൂന്ന് സുഹൃത്തുകൾ ഉണ്ടായിരുന്നു. മനു, ബാലു, അനു എന്നായിരുന്നു അവരുടെ പേര്. അവർക്ക് മൂന്നുപേർക്കും കാട് കാണണമെന്ന് വളരെ ആഗ്രഹമുണ്ടായിരുന്നു. ഇതിൽ അനു വളരെ അറിവുള്ള ഒരു പെൺകുട്ടിയാണ്. അവൾക്ക് കാടിനെക്കുറിച്ചും അവിടുത്തെ മൃഗങ്ങളെക്കുറിച്ചും നന്നായി അറിയാം. അങ്ങനെ അവർ മൂന്നു പേരും കാട്ടിലേക്ക് യാത്ര തിരിച്ചു.


വഴിയിൽ മൃഗങ്ങളുടെ ഭീകരമായ ശബ്ദങ്ങളും ഭീകരമായ കാഴ്ച്ചകളുമാണ് അവർക്ക് നേരിടേണ്ടിവന്നത്. അവർ കാട്ടിൽ എത്തിയപ്പോൾ തന്നെ പുലിയുടെ അലർച്ചയും, കുറുക്കന്റെ ഓരിയിടലും അവരെ ഭയപ്പെടുത്തി. അപ്രതീക്ഷിതമായി ഒരു രൂപം അവരുടെ മുന്നിൽ വന്നു. നല്ല ഉയരവും ദേഹം നിറയെ രോമവുമുള്ള ആ മൃഗം അവരെ ഒരു അലർച്ചയോടെ ഭയപ്പെടുത്തി. അതൊരു കരടിയായിരുന്നു. കരടിയെ കണ്ടതോടെ മനുവും, ബാലുവും പേടിച്ച് ഓടി മറഞ്ഞു. അപ്പോൾ അനു അവിടെ ഒറ്റക്കായി. അവളും പേടിച്ചു പോയിരുന്നു. അപ്പോഴാണ് അവളുടെ മുത്തശ്ശി കരടികളെപ്പറ്റി പറഞ്ഞുകൊടുത്ത കാര്യങ്ങൾ അവൾക്ക് ഓർമ്മവന്നത്. കരടികൾ ജീവനുള്ള ജീവികളെ മാത്രമാണ് ഭക്ഷിക്കുന്നത്. അതുകൊണ്ട് അനു അവിടെ ശ്വാസമെടുക്കാതെ നിശ്ചലമായി കിടന്നു. അപ്പോൾ കരടി അവളെയൊന്നു നോക്കിയിട്ട് മറ്റു രണ്ടു പേരുടെയും പിറകെ പോയി. കരടി പോയതിനു ശേഷം അവൾ സുഹൃത്തുക്കളെ തേടിയിറങ്ങി. അപ്പോൾ അവൾ കണ്ടത് അവരുടെ അവശിഷ്ടമാണ്. അവൾ ഒരു നിമിഷം മൂകയായി നിന്നു.

പിന്നീടുള്ള ദിവസങ്ങൾ അവൾക്ക് എങ്ങനെയും ആ കാട്ടിൽ നിന്ന് പുറത്തിറങ്ങണമെന്ന ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. അതിനുവേണ്ടി

*ആ കരടിയുമായി സൗഹൃദം ഉണ്ടാക്കണമായിരുന്നു.അവൾ കരടിക്ക് മുന്നിൽ ധൈര്യപൂർവ്വം വന്ന് നിന്നു.അപ്പോൾ തന്നെ അവളെ അക്രമിക്കാനായി കരടി മുന്നോട്ട് വന്നു.പെട്ടെന്നു തന്നെ അവളുടെ കൈയ്യിലിരുന്ന ഒരു പാത്രം തേൻ അവൾ കരടിക്ക് മുന്നിൽ നീട്ടി. കരടി അതു വാങ്ങി ആസ്വദിച്ചു കഴിച്ചു.അതിനുശേഷം അവർ നല്ല സുഹൃത്തുക്കളായി.കരടിയുടെ സഹായത്തോടെ അവൾ രക്ഷപ്പെട്ടു. രണ്ടു സുഹൃത്തുക്കൾ നഷ്ടപ്പെട്ടെങ്കിലും ആ കരടിയുമായുള്ള സൗഹൃദം അവൾ ഇന്നും ഓർക്കുന്നു.*

***Anshu Kumari jharkand***

# കൃഷിച്ചൊല്ലുകൾ



*അമരത്തടത്തിൽ തവള കരയണം*

*രുചിഇരുന്നുണ്ടവനറിയില്ല*

*കിളച്ചുണ്ടവനേ രുചിയറിയൂ*

*ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും*

*തഞ്ചത്തിനു വളം വേണ്ട,വളത്തിനു തഞ്ചം വേണ്ട*

*പൂയത്തിനു മഴ പെയ്താൽ പുല്ലും നെല്ല്*

*കളപറിക്കാഞ്ഞാൽ വിളകാണാ*

*പത്തുഗുണംവിത്തുഗുണം*

*മണ്ണറിഞ്ഞുവിത്തിടാം.*

*കാലത്തേ വിതച്ചാൽ,നേരത്തേ കൊയ്യാം*

*കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും വിള*

*ചേറ്റിൽ കൈ കുത്തിയാൽ, ചോറ്റിലും കൈ കുത്താം*

*തുലാപത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കിടക്കാം*

*തൊഴുതുണ്ണുന്നതിനേക്കാൾ നല്ലത് ഉഴുതുണ്ണുന്നത്*

*നവര വിതച്ചാൽ തുവര കായ്ക്കുമോ*

*പട്ടുമുളക്ക് വളംവേണ്ട*


*നല്ല തെങ്ങിനു നാല്പതു മടൽ*

*കുംഭത്തിൽ കുടമുരുളും*

*ചോതികഴിഞ്ഞാൽ ചോദ്യമില്ലഞാറായാൽ ചോറായി*

***Amritha***

# മിന്നാമിനുങ്ങ്



തിളങ്ങും മിന്നാമിനുങ്ങേ
ഈ രാത്രി പോകുന്നോ നീ
വെളിച്ചമായി കാൺകേ ഞാൻ
എൻ കണ്ണിൽ വെളിച്ചമായി
നീ ഇരുളിൽ വെളിച്ചമാവില്ലേ
നിൻ കൂട്ടരുമായി നീ വരില്ലേ
വെളിച്ചമേകാൻ
സ്വപ്നലോകത്തെ സ്പന്ദനങ്ങളെ
നീ വരുവോളം എന്നുള്ളിൽ
വെളിച്ചം തേടിയെത്തുന്ന
മിന്നുന്ന താരകങ്ങളെ നീ വരില്ലേ.


***Dilsha.D S***

# ഞാൻ

ഞാൻ എന്ന രണ്ടക്ഷരത്തിലാണ്
ഞാൻ ഈ ലോകത്തെ കണ്ടത്.......
എന്റെ എന്നു പറഞ്ഞ...... അമ്മയിൽ നിന്നും
ഞാനുണ്ടായി.......
പിന്നെപ്പോഴോ........ നമ്മളിണ്ടായി......
നമ്മളിൽ ഹൃദയം കോർത്തപ്പോൾ ഞങ്ങളുണ്ടായി
ഞാനെന്ന ദൈവത്തിന്റെ ഹൃദയത്തെ കാണാത്ത
നമ്മൾ......... ഒട്ടുങ്ങി......... ഒട്ടുവിൽ
സ്വപ്നവീഥിയിൽ നമ്മൾ മാറി.........
പരമാർത്ഥമെന്നിൽ ഞാനാക്കി മാറ്റി.........
എന്നിലെ നമ്മൾ പോയിരിക്കുന്നു.........
ലോകമെന്ന വൃത്തത്തിൻ അർത്ഥം അറിയാതെ
ഞാൻ..........

***Sneha M***

# STUDY HABITS



*Write down your assignments in a notebook or on a calender .*

*Prioritize your homework.*

- *Set a regular time each day to study.*
- *Keep paper ,pencils,a calculator and a dictionary near by.*
- *Find a quiet, comfortable place to spread out your books.*
- *Turn off the television and don't take only phone calls or E-mail.*
- ✔ *Take notes on the information that you read.*
- ✔ *Ask a friend or family member to help you review what you've learned.*
- ✔ *Organise your friend homework to take back to school .*

*REWORD YOUR HARD WORK WITH A SPECIAL TREAT.*

*Shivani*

# വെറുമൊരു നാണയം

കാറുകളുടെ യുഗത്തിനു തുടക്കമിട്ട ഹെന്റിഫോർഡിനെ കുറിച്ചു കേട്ടിട്ടില്ലേ? ഒരിക്കൽ പൂന്തോട്ടത്തിൽ വച്ച് തന്റെ പേരക്കുട്ടി എന്തോ താഴെക്കിടുന്നത് ഫോർഡ് കണ്ടു:

“മോനേ, എന്താണ് താഴെ വീണത്?”

ഫോർഡ് ചോദിച്ചു. കുട്ടി പറഞ്ഞു :

“ഒരു നാണയമാ. സാരമില്ല.”

ഉടനെ ഫോർഡ് താഴെയിരുന്നു പുല്ലിനിടയിൽ വീണ ആ നാണയം തിരയാൻ തുടങ്ങി. അതു കണ്ട് കുട്ടി ചോദിച്ചു:

“അപ്പൂപ്പൻ വലിയ പണക്കാരനല്ലേ? എന്നിട്ടെന്തിനാ വെറുമൊരു നാണയത്തിനു വേണ്ടിയിത്ര കഷ്ടപ്പെടുന്നത്? പോയതു നോട്ടൊന്നുമല്ലല്ലോ!” ഫോർഡ് പറഞ്ഞു:

“മോനേ, നീ കടലിനു നടുവിൽ , ആളൊഴിഞ്ഞ ഒരു ദ്വീപിൽ പെട്ടുപോയെന്നു വിചാരിക്കൂ. കൈയിൽ കറൻസി നോട്ടുകളുണ്ട്. പക്ഷേ, അതുകൊണ്ട് ഒരു പ്രയോജനവുമില്ല പക്ഷേ, നാണയമാണ് കൈയിലുള്ളതെങ്കിലോ? അത് അടിച്ചു പരത്തി കുന്തമുനപോലുമാക്കാം! ആ ദ്വീപിൽ നമുക്കു തുണയാകുന്നത് ആ ആയുധമായിരിക്കാം! ഒന്നിനെയും നിസ്സാരമായി തള്ളിക്കളയരുത്.”

**Binsi Binu**

# ഉണ്ണിയുടെ ദുഃഖം

ഒരു ഗ്രാമത്തിൽ ഒരു കുട്ടിയുണ്ടായിരുന്നു. ഉണ്ണി എന്നായിരുന്നു അവന്റെ പേര്. അവന് നല്ല മനസ്സായിരുന്നു. അവന്റെ അച്ഛനമ്മമാർ അവനെ ലാളിച്ചാണ് വളർത്തിയത്. പക്ഷെ അവന് എട്ട് വയസ്സായപ്പോൾ അവന്റെ അമ്മ മരിച്ചുപോയി. അച്ഛൻ അവനെ വളർത്തി. പക്ഷെ അമ്മ മരിച്ചത് ഉണ്ണിയെ തളർത്തി.2 വർഷം കഴിഞ്ഞു. ഒരിക്കൽ ഉണ്ണി സ്കൂൾബസ്സും കാത്ത് ബസ്സ്സ്റ്റോപ്പിൽ നിന്നപ്പോൾ അടുത്തുള്ള വീട്ടിലെ കാഴ്ച്ച അവന്റെ കണ്ണിൽ ഉടക്കി. ഒരു അമ്മ തന്റെ മകൾക്ക് മുടി കെട്ടികൊടുക്കുന്നു. അത് കണ്ട് അവന് സങ്കടം വന്നു. അവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി. അന്ന് വൈകിട്ട് സ്കൂൾ വിട്ട് വീട്ടിലെത്തിയ ഉണ്ണി ബാഗ് വീട്ടിൽവച്ചിട്ട് രാവിലെ കണ്ട വീടിനെ ലക്ഷ്യമാക്കി നടന്നു. അവൻ ആ വീട്ടിൽ എത്തി കതകിൽ തട്ടി വിളിച്ചു " അമ്മേ അമ്മേ" ഉടൻ വാതിൽ തുറന്ന് ഒരു പെൺകുട്ടി പുറത്തു വന്ന് ചോദിച്ചു 'എന്താ, എന്തു വേണം?' 'നിന്റെ അമ്മ എവിടെ?' അവൻ ആകാംക്ഷയോടെ ചോദിച്ചു. 'അമ്മ ഇവിടെ ഇല്ല, ജോലിക്കു പോയി. ഉടനെ വരും' അവൾ പറഞ്ഞു. 'എനിക്ക് നിന്റെ അമ്മയെ തരുമോ?' പ്രതീക്ഷ നിറഞ്ഞ നിറകണ്ണുകളോടെ അവൻ ചോദിച്ചു. മേരി എന്നു പേരുള്ള ആ പെൺകുട്ടി ആഹങ്കാരത്തോടെ പറഞ്ഞു 'എന്റെ അമ്മയെ ഞാൻ തരില്ല. നിന്റെ അമ്മ മരിച്ചതിന്, ഞാൻ എന്തിന് എന്റെ അമ്മയെ തരണം' അവൾ ഉണ്ണിയെ തള്ളി പുറത്തേയ്ക്കിട്ടു. ഈ കാഴ്ച്ച കണ്ടുകൊണ്ട് മേരിയുടെ അമ്മ പടികയറി വന്നു. 'എന്താ കാര്യം?' മേരിയുടെഅമ്മ ചോദിച്ചു. ഉണ്ണി കാര്യം പറഞ്ഞു. അമ്മ മേരിയെ വഴക്കുപറയുകയും, തല്ലുകയും ചെയ്തു. അമ്മ ഉണ്ണിയെ സമാധാനിപ്പിച്ച് ഉണ്ണിയുടെ വീട്ടിൽ കൊണ്ടുചെന്നാക്കി. വർഷങ്ങൾ കഴിഞ്ഞു. ഉണ്ണിക്ക് ഒരു

*ബാങ്കിൽ ജോലി കിട്ടുകയും അവൻ ഒരു അനാഥ പെൺകുട്ടിയെ വിവാഹം കഴിക്കുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഉണ്ണിയുടെ അച്ഛനും മരണമടഞ്ഞു. മേരിയുടെ വിവാഹവും കഴിഞ്ഞു. അവൾക്ക് അമ്മ ഒരു ഭാരമായി മാറി. അവൾ അമ്മയുടെ വീടും പുരയിടവും വിറ്റു. അവൾ അമ്മയെ പുറത്താക്കി. മേരിയുടെ അമ്മ എവിടെപോകും എന്നറിയാതെ തെരുവിലൂടെ നടന്നു. ക്ഷീണിച്ച് അവശയായ മേരിയുടെ അമ്മ തെരുവിൽ നിൽക്കുന്നത് ഉണ്ണി കണ്ടു. ഉണ്ണി മേരിയുടെ അമ്മയെ വീട്ടിലേക്ക് കൊണ്ടുപോയി. ഉണ്ണിയുടെ ഭാര്യ സന്തോഷത്തോടെ മേരിയുടെ അമ്മയെ വീട്ടിലേക്ക് ക്ഷണിച്ചു. മേരിയുടെ അമ്മയെ സ്വന്തം അമ്മയെപ്പോലെ അവർ സംരക്ഷിച്ചു. സ്വന്തം മകൾ തന്നെ ഉപേക്ഷിച്ചതോർത്ത് ആ അമ്മ കണ്ണുനീർ പൊഴിച്ചു.*

***Riya Anil***

# *True Love*



***I am alone,***
***The days passed were Colourful........***
***But today the day of darkness***
***Everywhere I saw it in fear***
***Because I am a girl***
***The days with my parents are the***
***Brightest time***
***But I didn't realized then.***
***The truth is always hidden from me.***
***But in this rainy evening, I realized it***
***Now I am totally in a new scenaries***
***The familiar seems to be unfamiliar***
***In the absence of my parents.***
***Oh my god! This is all because I am a girl***
***The real love & beauty rise from the parents***
***All other outside beauty were marked ones for***
***their selfish needs.***
***I wish to cry,***
***But tears doesn't come out***
***oh my Mom!***
***Who understands my feelings and sorrow.***
***I am totally alone in this rainy evening.***
***Everyone is ready to question me.***
***And no one ready to hear me***
***Except my parents .***
***Oh my god! why shouldn't i***
***Realize their love and care.***
***And power of their feather touch.***
***All other hands are insufficient***
***to case my sorrow.***
***I'am the outsider & I am the prey here***
***I'am going to be hunted.***
***Oh my god! No one do help me***

***In the absence of my parents.***
***Now, the time is too late.***
***In this late movement I realized***
***the true love of my parents***
***Their love is forever!!!!***

***Anusree A R***

# ആകെത്തുക

*കൂട്ടാം  കുറയക്കാം പെരുക്കാം*
*മനസ്സൊത്തപ്പോൽ നീക്കാം*
*നിരക്കാം ആകെത്തുകയൊന്നു*
*മാറ്റാൻ ,പക്ഷെയാകാനിനക്ക് മനുഷ്യ!*

*വിണ്ണിന്നഗാധത താണ്ടാം,പൂർണ്ണ*
*ചന്ദ്രനിൽ പൊൻകൊടി നടാം*
*മണ്ണിൻ മാറുപിളർക്കാം,പുത്തൻ*
*പൊന്നു വിളയിച്ചെടുക്കാം*

*ലോകമുരുട്ടിച്ചുരുട്ടി, യൊരു*
*നാരങ്ങപോലെ പിടിക്കാം*
*ശബ്ദതരംഗമൊരുക്കി നീയൊരത്ഭുത*
*ലോകമൊരുക്കാം*

*നീ മരിച്ചാലുമീമണ്ണിൽ, നിൻ*
*നാദതരംഗം മുഴങ്ങാം*
*ഗോളാന്തരയാത്രിക, ആകാ, നിന*
*ക്കാകെത്തുകയൊന്നു മാറ്റാൻ!*
*ഉള്ളതിലല്പം കുറയ്ക്കാൻ, സ്വതേ-*
*യുള്ളതിലിത്തിരി കൂട്ടാം*

***Gopika Hari***



സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ശ്രീ.വിജയകുമാർ സാർ സൈബർ സുരക്ഷയെ കുറിച്ച് ക്ലാസ് എടുക്കുന്നു.



സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശീലന ക്ലാസ്



*സ്കൂൾലിറ്റിൽകൈറ്റ്സഅംഗങ്ങൾ പ്രഥമാധ്യാപകൻ,ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സമാർ എന്നിവർക്കൊപ്പം*

നന്ദി..........

***SSVGHS CHIRAYINKEEZHU***